**കേരള സർക്കാർ**
**സം(ഗഹം**

**തൊഴിൽ വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പിലെ ഐ.ടി.ഐ. കളിൽ വികലാംഗ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിന് 3% സീറ്റ് സംവരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു**

=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=:

**തൊഴിലും പുനരധിവാസവും (ഡി) വകുപ്പ്**

**സ.ഉ (സാ) നം. 2531/04/ തൊഴിൽ** **തീയതി, തിരുവനന്തപുരം, 24.9.2004**

=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=::=:

പരാമർശം- 1. സ. ഉ. (എം.എസ്) നം.35/76/ **തൊഴിൽ തീയതി 29.4.76**
**2. സുപ്രീം കോടതി 11.09.02-ലെ സിവിൽ അപ്പീൽ 6120/01 ൻമേലുള്ള വിധി.**
**3. ആൾ കേരള പാരന്റ്സ് അസോസിയേഷൻ ഓഫ് ഹിയറിംഗ് ഇംപയേർഡ് ജനറൽ സെക്രട്ടറി 18.6.03 ൽ ബഹു: തൊഴിൽ വകുപ്പു മന്ത്രിക്കു സമർപ്പിച്ച നിവേദനം.**
**4. വ്യാവസായിക പരിശീലന വകുപ്പു ഡയറക്ടറുടെ 12.3.04, 14.7.04 എന്നീ തീയതികളിലെ സി 1-13815/03 നമ്പരിലുള്ള കത്തുകൾ.**

ഉത്തരവ്

പരാമർശം 3 ലെ **ആൾ കേരള പാരന്റ്സ് അസോസിയേഷൻ ഓഫ് ഹിയറിംഗ് ഇംപയേർഡിന്റെ നിവേദനത്തിൽ കേരളത്തിലെ വികലാംഗ വിദ്യാർത്ഥികൾക്ക് ഐ.ടി.ഐ പ്രവേശനത്തിന്** പരാമർശം 1 ലെ **സർക്കാർ** ഉത്തരവ് പ്രകാരം ഓരോ **ഐ.ടി.ഐ.യിലും 5 സീറ്റു വിതമാണ് സംവരണം ചെയ്യപ്പെട്ടിട്ടുള്ളതെന്നും എന്നാൽ 1995-ലെ വികലാംഗ സംരക്ഷണ നിയമ പ്രകാരം വികലാംഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് (സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെ) 3% സീറ്റ് സംവരണം ചെയ്യപ്പെട്ടിട്ടു ന്നും ആയതിനാൽ** പരാമർശം 2-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ വരുന്ന അദ്ധ്യയന വർഷം മുതൽ **ഐ.ടി.ഐ. കോഴ്സുകളി ് . ഐ.ടി.ഐ പ്രവേശനത്തിനുള്ള ഇക്കാര്യം ഉൾപ്പെടുത്തേ തിനാൽ ഇക്കാര്യത്തിൽ സർക്കാർ** ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം 4- ലെ കത്തുകളിൽ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടു ് .

2) **സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 11.9.02-ലെ വിധിയുടെയും 1995 - ലെ വികലാംഗ സംരക്ഷണ നിയമത്തിന്റെയും അടിസ്ഥാനത്തിൽ കേരളത്തിലെ ഐ.ടി.ഐ കോഴ്സുകളിലെ പ്രവേശനത്തിന് വികലാംഗ വിദ്യാർത്ഥികൾക്ക് 3% സീറ്റ് 1:1:1 അനുപാതത്തിൽ (അന്ധർ, ബധിരർ, അംഗവൈകല്യമുള്ളവർ) സംവരണം ചെയ്ത ഉത്തരവു പുറപ്പെടുവിക്കുന്നു.**

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി. എസ്. ഗിരിജ,
ജോയിന്റ് സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, **ആൾ കേരള പാരന്റ്സ് അസോസിയേഷൻ ഓഫ് ഹിയറിംഗ് ഇംപയേർഡ്, റ്റി.സി.നം.39/59, വൃന്ദാവൻ ലയൻ, ചാല പി.ഒ,** തിരുവനന്തപുരം
അക്കൗ ന്റ് ജനറൽ (എ & ഇ/ആഡിറ്റ്/ഡി.ബി.സെൽ) **കേരളം,** തിരുവനന്തപുരം
സാമൂഹ്യക്ഷേമ വകുപ്പ് (നം.4443/എ2/04/സാക്ഷേവ, നമ്പർ: അനൗദ്യോഗിക കുറിപ്പു പ്രകാരം)
പബ്ളിക് റിലേഷൻസ് വകുപ്പ് (വെബ് സൈറ്റ്), സെക്രട്ടേറിയറ്റ് അനക്സ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ